
# അദ്ധ്യായം - 22



*പാമ്പുകടിയിൽനിന്നും രക്ഷിക്കൽ (1), ബാലാസാഹെബ് മിരിക്കാർ (2), ബാപ്പുസാഹെബ് ഭൂട്ടി (3), അമീർഷക്കാർ (4) ഹേമദ്പാന്ത്, പാമ്പുകളെ കൊല്ലുന്നതിൽ ബാബയുടെ അഭിപ്രായം.*

## മുഖവുര

എപ്രകാരമാണ് ബാബയെ ധ്യാനിക്കേണ്ടത്? ആർക്കും ഭഗവാന്റെ സ്വഭാവമോ ആകൃതിയോ മനസ്സിലാക്കാൻ കഴിയുന്നില്ല. വേദങ്ങൾക്കും ആയിരം നാവുള്ള അനന്തനും അത് പൂർണ്ണമായും വിവരിക്കാനാവുന്നില്ല. പക്ഷെ ഭക്തന്മാർക്ക് ബാബയുടെ പാദങ്ങളിലേക്ക് നോക്കിയാൽ മതി. അത് ആനന്ദമാർഗ്ഗമാണ്. ആ പാദങ്ങളിൽ ധ്യാനിക്കയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നും ലക്ഷ്യത്തിലെത്താൻ അവർക്കറിയില്ല, ഹേമദ്പാന്ത് ധ്യാനത്തിന് ഒരു സുഗമമാർഗ്ഗം പറഞ്ഞു തരുന്നത് ഇപ്രകാരമാണ്: കറുത്തപക്ഷം മുന്നോട്ടുപോകുന്തോറും ചന്ദ്രൻ ക്ഷയിച്ച് ക്ഷയിച്ച് വന്ന് വാവുദിവസം തീരെ കാണാതാവുന്നു. പിന്നെ വെളുത്ത പക്ഷം തുടങ്ങുമ്പോൾ എല്ലാവർക്കും ചന്ദ്രദർശനത്തിന് വലിയ ആഗ്രഹമാണ്. ഒന്നാം ദിവസം

ചന്ദ്രനെ കാണുകയെ ഇല്ല. രണ്ടാം ദിവസവും ശരിക്കു കാണാൻ സാദ്ധ്യമല്ല. അപ്പോൾ ചൂണ്ടികാണിക്കുന്ന ആൾ ഒരു മരത്തിൽ ഒരു കൊമ്പിന്റെ കവർച്ചത്തിൽ കൂടെ ശ്രദ്ധാപൂർവ്വം നോക്കുമ്പോൾ, ദൂരത്ത് അതി സൂക്ഷ്മമായി നിൽക്കുന്ന ചന്ദ്രക്കല ദൃഷ്ടിയിൽപെടുന്നു. ഇത് പ്രകാരം തന്നെ നമുക്ക് ബാബയുടെ വെളിച്ചം കാണുവാൻ നോക്കുക. ബാബയുടെ ഇരിപ്പു നോക്കുക. എത്ര നല്ലതായിരിക്കുന്നു. ബാബ കാലുമടക്കി വലംകാൽ, മുട്ടിന് താഴ് ഭാഗം, ഇടത്തുകാൽ മുട്ടിന്മേൽ കയറ്റി വെച്ചിരിക്കുന്നു. ഇടതുകയ്യിന്റെ വിരലുകൾ വലംകാലിന്റെ പാദത്തിൽ പരത്തി വെച്ചിരിക്കുന്നു. വലത്തെ കാലിന്റെ തള്ളവിരൽ ഇടത്തെ കയ്യിന്റെ ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും നടുക്കാണ്. ഇതിൽ നിന്നും നേരത്തെ പറഞ്ഞ കവർച്ചം പോലെ, ഈ രണ്ടു വിരലുകളുടെ കവർച്ചത്തിലുള്ള തള്ളവിരലിനെ ധ്യാനിക്കുക. എപ്രകാരം ഭക്തൻ വിനീതനായും സ്നേഹത്തോടുകൂടിയും ധ്യാനിക്കുന്നുവോ, അപ്രകാരം തന്നെ ബാബയുടെ വെളിച്ചം അയാൾക്ക് കിട്ടുന്നതാണ്.

നമുക്ക് ബാബയുടെ ജീവിതത്തിൽ ഒന്ന് കണ്ണോടിച്ചു നോക്കാം. ബാബയുടെ ആവിർഭാവം കൊണ്ട് ഷിർദ്ദി ഒരു തീർത്ഥാടനകേന്ദ്രമായി. നാനാഭാഗത്തുനിന്നും ജനങ്ങൾ അവിടെയെത്തി. ധനികനും ദരിദ്രനും എല്ലാം നാനാപ്രകാരം നേട്ടങ്ങൾ സിദ്ധിച്ചു. ആർക്കാണ് ബാബയുടെ സീമാതീതമായ പ്രേമത്തെയും, വിസ്മായവഹമായ ജ്ഞാനത്തെയും സർവ്വാന്തര്യാമിത്വത്തെയും അറിയാൻ കഴിയുക ! ഇതിലേ ഏതെങ്കിലും അനുഭവത്തിൽ കിട്ടിയവർ അനു ഗ്രഹീതരാണ്. ചിലപ്പോൾ ബാബ ദീർഘനേരം മൗന ത്തിലിരിക്കുന്നു. ഇതു ബ്രഹ്മനുമായി സമ്പർക്കം പുലർത്തുന്നതാണ്. മറ്റു സമയം ഭക്തന്മാരാൽ ചുറ്റപ്പെട്ട് പരമാത്മജ്ഞാനവും ആനന്ദവും മൂർത്തീകരിച്ചപോലെ കാണും. ചിലപ്പോൾ കഥകൾ പറയും ചില

പ്പോൾ കളി തമാശകൾ പറയും, ചിലപ്പോൾ പറയുന്നത് വ്യക്തമാവും, ചിലപ്പോൾ കോപിഷ്ഠനാവും, ചിലപ്പോൾ വളരെ ചുരുക്കം ഉപദേശം തരും, മറ്റു ചിലപ്പോൾ വിസ്തരിച്ച് പറയും, പലപ്പോഴും വളരെ വ്യക്തമായി പറയും ഇത്തരത്തിൽ വ്യത്യസ്ത സ്വഭാവത്തിൽ പലർക്കും ബാബ ഉപദേശങ്ങൾ കൊടുത്തു. അങ്ങിനെ ആ ജീവിത രീതി മനസ്സിലാക്കാൻ പ്രയാസമുള്ളതായിരുന്നു. ആ മുഖം കാണുക, ബാബയോട് സംസാരിക്കുക, ലീലകൾ കേൾക്കുക മുതലായ നമ്മുടെ ആഗ്രഹങ്ങൾ നമുക്ക് സാദ്ധ്യപ്പെട്ടിട്ടില്ലെങ്കിലും നാം സന്തുഷ്ടിയിൽ ലയിക്കുന്നു. മഴവെള്ളം അളക്കാം. കാറ്റിനെ പിടിച്ച് സഞ്ചിയിലാക്കാം എന്നാലും ആ ലീലകളെ അളക്കാനാവില്ല. ഇനി നമുക്ക് ബാബ ഏതു പ്രകാരം ഭക്തന്മാരുടെ അപകടം മനസ്സിലാക്കി അവരെ അതിൽ നിന്ന് രക്ഷിച്ചു എന്നു നോക്കാം.

## ബാലാസാഹെബ് മിരിക്കാർ

സർദാർ കാക്കാസാഹെബ് മിരിക്കാരുടെ മകൻ ബാലാസാഹെബ് മിരിക്കാർ, കോപ്പർഗാവോണിലെ മാംലത്ദാർ (അസിസ്റ്റന്റ് കലക്ടർ) ആയിരുന്നു. അയാൾ ചിതലിക്ക് ടൂർ പോകുകയായിരുന്നു. വഴിക്ക് ബാബയെ കാണാൻ ഷിർദ്ദിയിൽ വന്നു. അയാൾ വന്ന് ബാബയെ നമസ്കരിച്ച് സാധാരണ ആരോഗ്യത്തെപറ്റിയും മറ്റുമുള്ള കുശലപ്രശ്നങ്ങളൊക്കെ കഴിഞ്ഞപ്പോൾ ബാബ ഇങ്ങനെ ഒരു മുന്നറിയിപ്പ് നൽകി. ‘നിനക്ക് നമ്മുടെ ദ്വാരകാമായിയെ അറിയാമോ?‘ ബാലാസാഹെബ് കാര്യം മനസ്സിലാവാത്തതുകൊണ്ട് ഒന്നും മിണ്ടിയില്ല. ‘നീയിരിക്കുന്ന സ്ഥലമാണ് നമ്മുടെ ദ്വാരകമായി. അവൾ മക്കളുടെ എല്ലാം അപകടവും പരിഭ്രമവും അവളുടെ മടിയിൽ ഇരിക്കുന്നതോടുകൂടി ഇല്ലാതാക്കുന്നു. ഈ

മസ്ജിദ്മായി വളരെ കരുണാമയിയാണ്. അവൾ ശുദ്ധരായ ഭക്തന്മാരുടെ മാതാവാണ്. അവരെ അവൾ അപകടത്തിൽ നിന്നും രക്ഷിക്കുന്നു. ഒരിക്കൽ ഒരാൾ അവളുടെ മടിയിലിരുന്നാൽ അയാളുടെ എല്ലാ അപകടങ്ങളും തീർന്നു. അവളുടെ തണലിലിരിക്കുന്നവർക്ക് ആനന്ദം കൈവരുന്നു' എന്ന് തുടർന്ന് പറഞ്ഞു. പിന്നീട് ബാബ ഉധികൊടുത്ത് തലയിൽ കൈവെച്ചനുഗ്രഹിച്ച് ചോദിച്ചു. 'നിനക്ക് 'ലംബബാവ' യെ (നീണ്ടവിദ്വാനെ) അതായത് പാമ്പിനെ അറിയാമോ ?' പിന്നെ ബാബ കൈമുട്ട് മറ്റെ ഉള്ളംകയ്യിൽ വെച്ച് പാമ്പ് പടം പിടിച്ചപോലെ കൈകൊണ്ട് കാണിച്ച് പറഞ്ഞു. 'അവൻ ഭയങ്കരനാണ്. പക്ഷെ ദ്വാരകാമായിയുടെ മക്കളോട് അവനെന്തു ചെയ്യാൻ കഴിയും? ദ്വാരകമായി രക്ഷിക്കുമ്പോൾ പാമ്പിനെന്തു കഴിയും?

അവിടെ കൂടിയവർക്കെല്ലാം മിരിക്കാരോട് പറഞ്ഞതിന്റെ കാര്യമെന്തെന്ന് അറിയണമെന്നുണ്ടായിരുന്നെങ്കിലും ബാബയോട് ചോദിക്കാൻ ധൈര്യമുണ്ടായില്ല. പിന്നെ ബാലാസാഹെബ് ബാബയെ നമസ്കരിച്ച് ശാമയോടുകൂടെ മസ്ജിദിൽ നിന്നു പുറത്തുവന്നു. ബാബ ശാമയെ വിളിച്ചിട്ട് മിരിക്കാരോട് കൂടി ചിതലിക്കു പോവാൻ പറഞ്ഞു. ശാമ വന്ന് മിരിക്കാരോട് ബാബ നിർദ്ദേശിച്ചപോലെ കൂടെവരാമെന്ന് പറഞ്ഞു അയാൾ അസൗകര്യം ആലോചിച്ച് ശാമ വരെണ്ടെന്നു പറഞ്ഞു ശാമ മടങ്ങിവന്ന് ബാബയോട് ബാലാസാഹെബ് പറഞ്ഞ വിവരം പറഞ്ഞു. ബാബ പറഞ്ഞു: 'ശരി, പോകണ്ട നാം നല്ലത് വിചാരിച്ച് നല്ലതു ചെയ്യുന്നു. സംഭവിക്കാനുള്ളത് സംഭവിക്കും'.

അപ്പോഴെക്ക് ബാലാസാഹെബ് വീണ്ടും ആലോചിച്ച്, ശാമയോട് കൂടെ പോരാൻ പറഞ്ഞു. ശാമ ബാബയുടെ അനുമതി

വാങ്ങി ടോങ്കയിൽ അയാളോടുകൂടി പുറപ്പെട്ടു. അവർ രാത്രി 9 മണിക്ക് ചിതലിയിലെത്തി മാരുതി ക്ഷേത്രത്തിൽ കേമ്പു ചെയ്തു. ഓഫീസിലുള്ളവർ എത്തിയിട്ടില്ലാത്തതുകൊണ്ട് അവർ അവിടെ സംസാരിച്ചുകൊണ്ടിരുന്നു. ബാലാസാഹെബ് ഒരു പായയിലിരുന്നു പത്രം വായിക്കുകയായിരുന്നു. അയാളുടെ മേൽ മുണ്ട് അരക്ക് ചുറ്റിയിരുന്നതിന്റെ ഒരറ്റത്ത് ഒരു പാമ്പു കയറികൂടിയിരുന്നിരുന്നു അത് നീങ്ങുമ്പോൾ ഉണ്ടായിരുന്ന ഒരുതരം ഒച്ച ശിപായി കേട്ടു. അയാൾ റാന്തലെടുത്ത് നോക്കി പാമ്പിനെക്കണ്ട് പേടിച്ച് 'പാമ്പ്, പാമ്പ്' എന്ന് വിളിച്ച് പറഞ്ഞു ശാമയും അന്തംവിട്ടു പോയി. ബാലാസാഹെബ് പേടിച്ച് വിറച്ചു. ശാമയും മറ്റും മെല്ലെ അവിടുന്ന് നീങ്ങി പോയി വടിയും മറ്റുമായി വന്നു. പാമ്പ് അരക്കെട്ടിൽ നിന്ന് മെല്ലെ ഇറങ്ങി ബാലാ സാഹെബിനെ വിട്ട് മാറിയിരുന്നു. അതിനെ ഉടനെ തല്ലിക്കൊന്നു. അങ്ങിനെ ബാബ മുന്നറിയിപ്പ് നൽകിയ അപകടത്തിൽ നിന്ന് ബാലാസാഹെബ് രക്ഷപ്പെട്ട് ബാബയെ നന്ദിപൂർവ്വം സ്മരിച്ചു.

## ബാപ്പുസാഹേബ് ഭൂട്ടി

ബാപ്പു സാഹെബ് ഭൂട്ടിയോട് ഷിർദ്ദിയിൽ വെച്ച് നാനാസാഹെബ് ഡെൻഗാളെ എന്ന പ്രശസ്തനായ ജ്യോത്സ്യൻ 'ഇന്ന്' നിങ്ങൾക്ക് ചീത്ത ദിവസമാണ്. ജീവന് അപകടമുണ്ട്' എന്നു പറഞ്ഞു. ഇതു കേട്ട് ബാപ്പുസാഹെബ് പരിഭ്രമിച്ചു. അവർ സാധാരണപോലെ മസ്ജിദിൽ വന്നപ്പോൾ ബാബ ചോദിച്ചു. 'എന്താണ് ഈ നാന പറഞ്ഞത്? അയാൾ നിങ്ങൾക്ക് മരണം പ്രവചിച്ചുവോ. ശരി നീ ഭയപ്പെടേണ്ട അയാളോട് ധൈര്യസമേതം പറയൂ. 'നമുക്ക് നോക്കാം മരണം എങ്ങിനെ കൊല്ലുന്നു' എന്ന്. അന്നു വൈകുന്നേരം ബാപ്പുസാഹെബ് മലവിസർജ്ജനത്തിന് പോയപ്പോൾ ഒരു പാമ്പിനെ കണ്ടു. വേലക്കാരൻ കല്ലെറിഞ്ഞത് കൊണ്ടില്ല. വടിയും കൊണ്ട്

വന്നപ്പോഴെക്കും പാമ്പ് രക്ഷപ്പെട്ടു. ബാബയുടെ അനുഗ്രഹം ബാപ്പു സാഹെബ് നന്ദിപൂർവ്വം സ്മരിച്ചു.

**അമിർഷക്കാർ**

കോപ്പർ ഗാവോൺ താലൂക്കിലെ കൊരളി ഗ്രാമക്കാരനായിരുന്നു അമീർഷക്കാർ (മുസ്ലിം). അയാൾ അറവുകാരുടെ വർഗ്ഗത്തിൽപ്പെട്ട ആളായിരുന്നു. അയാൾ ബന്ദ്രയിൽ ഒരു കമ്മീഷൻ ഏജന്റായി പണിയെടുത്ത് അവിടെ പ്രശസ്തനായിത്തീർന്നു. ഒരിക്കൽ രക്തവാതം പിടിപ്പെട്ട് അയാൾ വല്ലാതെ വേദന അനുഭവിച്ചു. അങ്ങിനെ ദൈവചിന്ത വന്ന്, ജോലിവിട്ട്, ഷിർദ്ദിയിൽ വന്ന്, ബാബയോട് കരുണ കാണിക്കാൻ അപേക്ഷിച്ചു. ബാബ അയാളെ ചാവടിയിൽ താമസിപ്പിച്ചു. അന്ന് ചാവടി നിൽക്കുന്ന സ്ഥലം ചതുപ്പ് നിലമായിരുന്നു. അത്തരം രോഗികൾക്ക് തീരെ യോജിക്കാത്ത തുമായിരുന്നു. മറ്റേത് സ്ഥലവും, കൊരളിതന്നെയും, കൂടുതൽ ആരോഗ്യപരമായിരുന്നെങ്കിലും ബാബയുടെ കല്പനയാണല്ലോ മരുന്ന്, ബാബ അയാളെ മസ്ജിദിലേക്ക് വരാൻ സമ്മതിച്ചി ല്ലെങ്കിലും, ചാവടിയിലായതുകൊണ്ട് ബാബ അതിലെ രാവിലെയും വൈകുന്നേരവും പോകുമ്പോഴും ഒന്നിടവിട്ടു രാത്രി അവിടെ ഉറങ്ങുമ്പോഴും നല്ലപോലെ ദർശനം ചെയ്യാമായിരുന്നു. അമീർ അവിടെ ഒമ്പതുമാസം താമസിച്ചു. പിന്നെ അയാൾക്ക് മടുപ്പുതോന്നി. അങ്ങിനെ ഒരു രാത്രി അവിടുന്ന് ഒളിഞ്ഞുപോന്ന് കോപ്പർഗോവണിലെത്തി, ഒരു ധർമ്മശാലയിൽ താമസിച്ചു. അവിടെ മരിക്കാറായ ഒരു ഫക്കീർ അയാളോട് വെള്ളം ചോദിച്ചു. അമീർ അദ്ദേഹത്തിന് വെള്ളം കൊടുത്തു. വെള്ളം കുടിച്ച തോടുകൂടി ഫക്കീർ അന്ത്യശ്വാസം വലിച്ചു. അപ്പോൾ അയാൾക്ക് ഭയമായി. ഷിർദ്ദിയിൽ നിന്ന് ബാബയുടെ സമ്മതം കൂടാതെ വന്നതിന് പശ്ചാത്തപിച്ച് ബാബയോട് പ്രാർത്ഥിക്കാൻ തുടങ്ങി.

അപ്പോൾ തന്നെ ബാബയുടെ നാമം ഉച്ചരിച്ചുകൊണ്ട് ഷിർദ്ദിയിലേക്കോടി, പുലർച്ചക്കുമുമ്പായി ഷിർദ്ദിയിലെത്തി, പിന്നെ ഷിർദ്ദിയിൽത്തന്നെ കുറച്ചുകൂടി താമസിച്ചപ്പോൾ മുഴുവൻ സുഖക്കേടും മാറി. ഒരു രാത്രി ബാബ വിളിച്ചു പറഞ്ഞു 'ഓ അബ്ദുൾ, എന്തോ ഒരു ഭയങ്കരസാധനം എന്റെ വിരിപ്പിൽ ചാടിയിരിക്കുന്നു' എന്ന്. അബ്ദുൾ റാന്തലുമായി വന്ന് ബാബയുടെ വിരിപ്പ് നോക്കിയപ്പോൾ ഒന്നും കണ്ടില്ല. ബാബ എല്ലായിടത്തും നോക്കാൻ പറഞ്ഞ് സത്ക്കകൊണ്ട് നിലത്തടിച്ചു. ഇത് കണ്ട് വല്ല പാമ്പും വന്നിട്ടുണ്ടാവുമെന്ന് അമീർ സംശയിച്ചു. ബാബയോടടുത്ത് പെരുമാറിയതുകൊണ്ട്, അദ്ദേഹത്തിന്റെ വാക്കുകളുടെയും പെരുമാറ്റത്തിന്റെയും അർത്ഥം അമീറിന്നറിയാമായിരുന്നു. ബാബ അപ്പോൾ അമീറിന്റെ തലയണക്കരികിൽ ഒരിളക്കം കണ്ടു വിളക്കു കൊണ്ടുവന്നു നോക്കാൻ പറഞ്ഞപ്പോൾ ഒരു സർപ്പം ഫണം വിരുത്തി ആടുന്നു. ഉടനെ അതിനെ തല്ലിക്കൊന്നു. അങ്ങിനെ ബാബ അമീറിനെ രക്ഷിച്ചു.

## ഹേമദ്പാന്ത് (തേളും പാമ്പും)

1) ബാബയുടെ നിർദ്ദേശപ്രകാരം കാക്കാസാഹെബ് ദീക്ഷിത്, ദിവസവും ഏകനാഥിന്റെ ഭാഗവതവും ഭാവാർത്ഥ രാമായണവും വായിക്കും. ഹേമദ്പന്ത് അത് കേട്ടിരിക്കലും പതിവാണ്. ഒരിക്കൽ ഹനുമാൻ, രാമന്റെ മാഹാത്മ്യത്തെ പരീക്ഷിച്ച ഭാഗം വായിച്ചപ്പോൾ എല്ലാവരും വിസ്മയപ്പെട്ടു പോയി. എവിടുന്നെന്നറിഞ്ഞില്ല ഒരു വലിയ തേൾ ചാടി ഹേമദ്പാന്തിന്റെ വലത്തെ ചുമലിൽ വേഷ്ടിക്കുമേൽ കയറിയിരുന്നു. ആദ്യം കണ്ടില്ലെങ്കിലും, ഭഗവൽ കഥ കേൾക്കുന്നവരെ അദ്ദേഹം രക്ഷിക്കുമല്ലോ. അങ്ങിനെ അയാൾ തേളിനെ കണ്ടു. അവിടെ നിശബ്ദമാണ് ആരും ഇളകിയില്ല. ഹേമദ്പാന്ത് മെല്ലെ

വേഷ്ടിയുടെ രണ്ട് തലപൊക്കി തേളിനെ അതിൽ കുടുക്കി കൂട്ടിപിടിച്ചു. പിന്നെ പുറത്തുപോയി തോട്ടത്തിലെക്കെറിഞ്ഞു.

2) ഒരിക്കൽ, കുറച്ചുപേർ ദീക്ഷിത്ത് വാഡയുടെ മുകളിൽ സന്ധ്യക്ക് ഇരിക്കുകയായിരുന്നു. ഒരു പാമ്പ് ജനൽക്കൽ വന്ന് ഫണം വിരുത്തി ചുരുണ്ടിരുന്നു. വിളക്കു കൊണ്ടുവന്നിട്ടും പാമ്പ് അല്പം പരിഭ്രമിച്ചെങ്കിലും തലയാട്ടി അവിടെ തന്നെ ഇരുന്നു. പലരും വടിയുമായി വന്നെങ്കിലും, അവിടെ അങ്ങിനെ ഇരിക്കുന്നതുകൊണ്ട് അതിനെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ആൾക്കാരുടെ ഒച്ച കേട്ട് പാമ്പ് വന്ന വഴിയെ രക്ഷപ്പെട്ടു. എല്ലാവർക്കും സമാധാനമായി.

## ബാബയുടെ അഭിപ്രായം

മുക്താറാം എന്ന ഭക്തൻ, ആ സാധുജീവി രക്ഷപ്പെട്ടത് നന്നായെന്ന് പറഞ്ഞു. ഹേമദ്പാന്ത് അതെതിർത്ത് പാമ്പിനെ തല്ലിക്കൊല്ലണമെന്ന് പറഞ്ഞു. അങ്ങിനെ ചൂടുപിടിച്ച വാഗ്വാദം നടന്നു. രാത്രി ഒരു തീരുമാനത്തിലെത്താതെ വാദം അവസാനിച്ചു. പിറ്റേന്ന് ബാബയോട് ചോദിച്ചപ്പോൾ ബാബയുടെ വ്യക്തമായ തീർപ്പ് ഇപ്രകാരമായിരുന്നു.: 'ഭഗവാൻ എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നു. അവ പാമ്പായാലും തേളായാലും വ്യത്യാസമില്ല. അദ്ദേഹം ലോകനിയന്താവാണ്. എല്ലാ ജീവജാലങ്ങളും, പാമ്പ് തേളടക്കം, ആ കല്പന അനുസരിക്കുന്നു. ഭഗവാൻ കല്പിക്കാതെ ആർക്കും ആരെയും ഉപദ്രവിക്കാൻ കഴിയില്ല. ലോകം മുഴുവൻ ഭഗവാനെ ആശ്രയിക്കുന്നു. ആരും സ്വതന്ത്രരല്ല. അതുകൊണ്ട് നാം അവയിൽ സഹതപിച്ച് അവയെ സ്നേഹിക്കണം. തല്ലലും കൊല്ലലും ശരിയല്ല. ഭഗവാൻ എല്ലാവരുടെയും രക്ഷിതാവാണ്.'

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !